പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4531 — 25.06.2019-ൽ മറുപടിക്ക്

## ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ അടിസ്ഥാന രേഖയായി കണക്കാക്കുന്ന ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുന്നതിനുള്ള വ്യവസ്ഥയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) അടിസ്ഥാന നികുതി രജിസ്റ്ററിൽ മാറ്റങ്ങൾ വരുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയവ രേഖപ്പെടുത്തുന്നതിനായി സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട്. |
| (ബി) 2008-ന് മുന്നേ നികത്തിയതും എന്നാൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും രേഖകളിൽ നിലം എന്നു കാണിച്ചിരിക്കുന്നതുമായ ഭൂമി വീട് വയ്ക്കുന്നതിന് ഉൾപ്പടെയുള്ള മറ്റാവശ്യങ്ങൾക്ക് ഏതു രീതിയിൽ ഉപയോഗിക്കാം എന്ന് വ്യക്തമാക്കാമോ; | (ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ അപ്രകാരമുള്ള ഭൂമി വീട് വയ്ക്കുന്നതിനോ വാണിജ്യ ആവശ്യങ്ങൾക്കോ, മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന പക്ഷം, ആർ.ഡി.ഒ-യ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് ആർ.ഡി.ഒ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. അപേക്ഷ അനുവദിക്കുന്ന പക്ഷം നിലവിലെ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്. അപേക്ഷാ ഭൂമിയുടെ വിസ്തീർണ്ണം 20.23 ആറിൽ അധികരിക്കുന്ന പക്ഷം അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 10 % ജലസംരക്ഷണ നടപടികൾക്കായി മാറ്റി വയ്ക്കേണ്ടതാണ്. എന്നാൽ 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനോ 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം പണിയുന്നതിനോ യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. |
| (സി) കേരളാ ഭൂവിനിയോഗ നിയമത്തിന്റെ ചട്ടം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) കേന്ദ്ര നിയമമായ 1955-ലെ Essential Commodities Act (1955-ലെ 10)-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവാണ് കേരള ഭൂവിനിയോഗ ഉത്തരവ്. ആയതിന് ചട്ടങ്ങൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ